## കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## ജില്ലാ ഓഫീസ്, കോഴിക്കോട്

സാധ്യതാ പട്ടിക നമ്പർ: ഡി.എസ്.എസ്.(1)3120/2008 കോഴിക്കോട്,
കാറ്റഗറി നമ്പർ: 86/2007 03.03.2009.

### വിജ്ഞാപനം

12.03.2007-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം കോഴിക്കോട് ജില്ലയിലെ വിവിധ വകുപ്പുകൾ/കേരള വാട്ടർ അതോറിറ്റി/കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് എന്നിവയിൽ 3050-5230/- (പി.ആർ) രൂപ ശമ്പള നിരക്കിൽ ലോവർ ഡിവിഷൻ ക്ലാർക്ക് (കാറ്റഗറി നമ്പർ 86/2007) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് – പട്ടിക വർഗ്ഗക്കാരിൽ നിന്ന് മാത്രം) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി 19.04.2008 തീയ്യതിയിൽ നടത്തിയ ഒബ്ജക്ടീവ് (ഒ.എം.ആർ. മൂല്യനിർണ്ണയം) മാതൃകയിലുള്ള പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിൽ ഉൾപ്പെടാൻ സോപാധികമായി അർഹരാണെന്ന് കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ഉൾപ്പെട്ട സാധ്യതാ ലിസ്റ്റ് ചുവടെ ചേർത്തിരിക്കുന്നു. പ്രസ്തുത ലിസ്റ്റ് ഉദ്യോഗാർത്ഥികളുടെ റാങ്ക് അടിസ്ഥാനത്തിലുള്ളതല്ല. പരീക്ഷയ്ക്ക് അനുവദിച്ച രജിസ്റ്റർ നമ്പറിന്റെ ക്രമത്തിൽ മാത്രമാണ് നമ്പറുകൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്.

റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുന്നോടിയായി സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ജനനത്തീയതി, സമുദായം, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ അസ്സൽ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

പരീക്ഷയിൽ 14 (പതിനാല്) ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് ഈ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

രജിസ്റ്റർ നമ്പറുകൾക്ക് മുൻപിലായി കോഴിക്കോട് ജില്ലയെ സൂചിപ്പിക്കുന്ന 'ഡി' (D) എന്ന അക്ഷരം ചേർത്തു വായിക്കേണ്ടതാണ്.

### മുഖ്യ പട്ടിക

| | | | | |
|---|---|---|---|---|
| 100002 | 100003 | 100004 | 100008 | 100009 |
| 100010 | 100015 | 100016 | 100023 | 100024 |
| 100026 | 100027 | 100029 | 100036 | 100038 |
| 100044 | 100046 | 100060 | 100066 | 100070 |

### വികലാംഗരുടെ പ്രത്യേക പട്ടിക

**ഇല്ല**

**കുറിപ്പ്:-**

1) അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നില്ല.

2) അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനു ശേഷമുള്ള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കപ്പെടുന്നതല്ല.

3) സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന കാര്യങ്ങൾ – അതായത് വിദ്യാഭ്യാസ

യോഗ്യത, ജനനത്തീയതി, ജാതി, മറ്റു ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ അതും തെളിയിക്കുന്നതിന് ആവശ്യമായ പ്രമാണങ്ങളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും സഹിതം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കോഴിക്കോട് ജില്ലാ ഓഫീസിൽ സ്വന്തം ചെലവിൽ നേരിട്ട് ഹാജരാകേണ്ടതാണ്. പ്രമാണങ്ങളുടെ പരിശോധനയ്ക്ക് നേരിൽ ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ പേരുകൾ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതല്ല.

4) നിലവിലുള്ള നടപടി ക്രമമനുസരിച്ച് ഉത്തരക്കടലാസുകളുടെ പുന:പരിശോധന, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ അനുവദിക്കുകയുള്ളൂ.

## <u>ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്</u>

സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്കായുള്ള അസ്സൽ പ്രമാണങ്ങളുടെ പരിശോധന കമ്മീഷന്റെ ജില്ലാ ഓഫീസിൽ വെച്ച് **<u>20.03.2009</u>** –ന് **<u>10.00</u>** മണിയ്ക്ക് നടത്തുന്നതാണ്. (ഇതു സംബന്ധിച്ച് വ്യക്തിഗത മെമ്മോ അയയ്ക്കുന്നതാണ്.)

## <u>ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട പ്രമാണങ്ങൾ</u>

| | | | |
|---|---|---|---|
| (1) | ജനനത്തീയ്യതി/വയസ്സ് | : | എസ്.എസ്.എൽ.സി–യുടെ ബന്ധപ്പെട്ട പേജ്/ തത്തുല്ല്യ സർട്ടിഫിക്കറ്റ്. (അസ്സലും പകർപ്പും) |
| (2) | വിദ്യാഭ്യാസ യോഗ്യത | : | എസ്.എസ്.എൽ.സി/തത്തുല്ല്യ യോഗ്യത പാസ്സായ സർട്ടിഫിക്കറ്റ്. (അസ്സലും പകർപ്പും) |
| (3) | ജാതി/സമുദായം (സംവരാണാനുകൂല്യത്തിന്) | : | ജാതി സർട്ടിഫിക്കറ്റ് (അസ്സലും, 2 പകർപ്പും) |
| (4) | പേര്, ജനനത്തീയ്യതി, ഒപ്പ്, ജാതി, എന്നിവയിൽ വ്യത്യാസം. | : | പേര്, ജനനത്തീയ്യതി, ഒപ്പ്, ജാതി, എന്നിവയിൽ വ്യത്യാസം വരുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയവ തെളിയിക്കുന്നതിനാവശ്യമായ ഗസറ്റ് വിജ്ഞാപനം. (അസ്സലും, പകർപ്പും) |

സമയബന്ധിതമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതിനാൽ അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ വീണ്ടുമൊരവസരം നൽകുകയോ ചെയ്യുന്നതല്ല. സർട്ടിഫിക്കറ്റുകളുടെ പരിശോധനയ്ക്ക് അനുവദിക്കപ്പെട്ട തീയ്യതിയോ സമയമോ മാറ്റിക്കൊടുക്കുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥികൾ ദിവസവും സമയവും കൃത്യമായി മനസ്സിലാക്കി കൃത്യസമയത്ത് നേരിട്ട് ഹാജരാകേണ്ടതാണ്.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

(ഒപ്പ്)
എസ്.വർദ്ധനൻ,
ജില്ലാ ഓഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ഓഫീസ്, കോഴിക്കോട്.

വിതരണാനുമതി നൽകുന്നു.

(ഒപ്പ്)
സെക്ഷൻ ഓഫീസർ
*BKJ/3/3/C5*